| | | | |
|---|---|---|---|
| **പതിനാലാം കേരള നിയമസഭ**<br><br>**ഇരുപത്തി രണ്ടാം സമ്മേളനം** | | | |
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ<br><br>ചോദ്യം നമ്പർ. 1765 | | 19.01.2021-ൽ മറുപടി നൽകേണ്ടത് | |
| **കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതിന് നടപടി** | | | |
| | **ചോദ്യം**<br><br>**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **മറുപടി**<br><br>**ശ്രീ.കെ.ടി.ജലീൽ**<br><br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിന്റെ പരിസരത്ത് തന്നെ പോളിടെക്നിക്ക് ആരംഭിക്കുന്നതിലേക്കായി അവിടെ ബ്രാഞ്ചുകൾ, തസ്തികകളുടെ എണ്ണം , ഭൂമിയുടെ ലഭ്യത തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിലേക്കായി എസ്റ്റിമേറ്റുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (ബി) | പോളിടെക്നിക്ക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യൽ ഓഫീസറെ നിയമിച്ച് കൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ശ്രീ. മുഹമ്മദ് മുസ്തഫയെ , കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ 21.01.2019 |

| | | | |
|---|---|---|---|
| | | | ൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ വിരമിക്കലിന് മുന്നോടിയായി ലീവിൽ പ്രവേശിച്ച സാഹചര്യത്തിൽ, സ്ഥാപനം തുടങ്ങുന്നതിലേക്കാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ആയ ശ്രീ.സജീവ്.പി.എസി.നെ ചുമതലപ്പെടുത്തിയിരിക്കുകയാണ് . |
| ( സി ) | ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ഫയലുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| ( ഡി ) | സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പ്രാഥമിക റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

File No. HEDN-L2/291/2018-HEDN

# Govt. of Kerala

Kerala

HEDN

Higher Education (L)

## SUBJECT

Main Category :

Sub Category :

Description : കട്ടപ്പന ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച്.

## OTHER DETAILS

Retention :

Priority :

Language :

Remarks :

PROF. ABID HUSSAIN THANGAL
(KOTTAKKAL)
MEMBER
KERALA LEGISLATIVE ASSEMBLY

HARAMINE HOUSE
VADAKKANGARA P O.
MANKADA, MALAPPURAM
PIN-679 324

PHONE
RESI : 04933-287
OFFICE : 0471-2512385
MOBILE : 9447282329
PAMBA BLOCK SUITE-203,
M.L.A. HOSTEL,
THIRUVANANTHAPURAM.

E-mail ahthangal@gmail.com
Website : www.fb.com/ahthangal

CAMPWebsite : www.fb.com/ahthangal

DATE.................. തിരുവനന്തപുരം,
CAMP.........................................

DATE.............................24.10.2018.

പ്രിയപ്പെട്ട ഡോ: K.T. ജലീൽ,

എന്റെ നിയോജക മണ്ഡലത്തിലെ കറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വെൽഫെയർ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ.സി.കെ.ജയകുമാറിന്റെ നിവേദനമാണ് ഇതോടൊപ്പമുള്ളത്.

നിലവിലെ ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുവാൻ താല്പര്യപ്പെടുന്നു.

സസ്നേഹം,

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ.

ഡോ: K.T. ജലീൽ,
ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി.

[illegible]

File No. HEDN-L2/291/2018-HEDN (Computer No. 1041989 )
Receipt No : 2971087/2018/H EDN

WELFARE COMMITTEE
GOVERNMENT TECHNICAL HIGH SCHOOL
KUTTIPPURAM,
KUTTIPPURAM. P.O
MALAPPURAM -679571
KERALA

PHONE:- 0494-2608692 E-mail:thsktpm@gmail.com

---

**മെമ്മോറാണ്ടം**

ബഹുമാനപ്പെട്ട കേരള സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പ്രൊ.സി.രവീന്ദ്രനാഥ് അവർകൾ മുൻപാകെ കുറ്റിപ്പുറം ഗവ: ടെക്നിക്കൽ ഹൈസ്കൂൾ വെൽഫെയർ കമ്മിറ്റി സമർപ്പിക്കുന്ന മെമ്മോറാണ്ടം.

സർ,

വിഷയം:- നിലവിലെ ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തി ക്കൊണ്ട്,സ്ഥാപനത്തിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്.

കുറ്റിപ്പുറത്തും സമീപ പ്രദേശങ്ങളിലുമുള്ള സാധാരണക്കാരും, പഠന മികവ് പുലർത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് മികച്ച ഉന്നത സാങ്കേതിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട്, നിലവിൽ മികച്ച പഠന നിലവാരം പുലർത്തി വരുന്ന, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കുറ്റിപ്പുറം ഗവ:ടെക്നിക്കൽ ഹൈസ്കൂളിലെ കോമ്പൗണ്ടിനുള്ളിൽ തന്നെ നിലവിൽ ഒരു സർക്കാർ പോളിടെക്നിക്ക് കൂടി തുടങ്ങാനുള്ള സ്ഥല സൗകര്യമുണ്ടെന്ന് അങ്ങയെ അറിയിച്ചു കൊള്ളുന്നു. സർക്കാർ തലത്തിൽ അത്തരമൊരു തീരുമാനം കൈക്കൊള്ളുന്ന പക്ഷം,അത് കുറ്റിപ്പുറത്തിന്റെ ചരിത്രത്തിലെ വിദ്യാഭ്യാസപരവും, സാംസ്കാരികവുമായ ഒരു നാഴികക്കല്ലായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റിന്റെയും, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെയും അനുമതിക്ക് വിധേയമായി മേൽപ്പറഞ്ഞ സദുദ്യമത്തിന് കുറ്റിപ്പുറം ഗവ:ടെക്നിക്കൽ ഹൈസ്കൂളിലെ വെൽഫെയർ കമ്മിറ്റി, പി.ടി.എ കമ്മിറ്റി, മുഴുവൻ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർ തുടങ്ങി എല്ലാ സുമനസ്സുകളുടെയും സഹകരണം വാഗ്ദാനം ചെയ്യുന്നു. ആയതിനാൽ നിലവിലെ ഗവ: ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തി ക്കൊണ്ടു തന്നെ ഒരു പുതിയ സർക്കാർ പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗതയിൽ ആരംഭിക്കണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

കുറ്റിപ്പുറം ഗവ. ടെക്നിക്കൽ ഹൈസ്കൂൾ
വെൽഫെയർ കമ്മിറ്റി

ചെയർമാൻ
സി.മൊയ്തീൻകുട്ടി
MOB:9446030055

ജനറൽ കൺവീനർ
സി.കെ .ജയകുമാർ
MOB: ~~9895479492~~
8113899492

Copy to:

കുറ്റിപ്പുറം
15.10.2018

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

നമ്പർ-- എൽ2/291/2018/ഉ.വി.വ 07/12/2018,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ.

ഹാരാമൈൻ ഹൗസ്

വടക്കങ്ങര.പി.ഒ

മങ്കട , മലപ്പുറം 679324

സർ,

വിഷയം:- *കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്*

സൂചന:- 5.10.2018 ൽ താങ്കൾ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്ത്.

സൂചന കത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അപേക്ഷയുടെ പകർപ്പ് റിപ്പോർട്ടിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുള്ള വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

തരുൺലാൽ.എസ്.

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ് :- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (അപേക്ഷയുടെ പകർപ്പ് സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി)

Receipt No : 3240736/2019/H EDN
നമ്പർ. L1/44979/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 04.02.2019

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസം(എൽ)വകുപ്പ്
കേരള സർക്കാർ
തിരുവനന്തപുരം.

സർ

വിഷയം:- ഉന്നത വിദ്യാഭ്യാസം- സാങ്കേതികം- കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് ആരംഭിക്കുന്നത്- റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 5/11/2018 ലെ 2977921/2018/M.HEdn നംബർ കുറിപ്പ് കത്ത്.
2. ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ലഭിക്കുകയും ഈ ഓഫീസിന് കൈമാറുകയും ചെയ്ത 2977913/2018 M.Edn, 2977921/2018,M.Edn, 2977791/2018,M.Edn, 2977211/2018 M.Edn, 2981243/2018 M.Edn, എന്നീ നമ്പറുകളിലുള്ള നിവേദനങ്ങൾ.

മേൽ സൂചനയിലേക്ക് സർക്കാരിൻറെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കാൻ കഴിയുമോ എന്നുള്ള സാദ്ധ്യതാപഠനം നടത്തുകയും താഴെ പറഞ്ഞിരിക്കുന്ന കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്തിരിക്കുകയുമാണ്.

ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൌണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇതിലേക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും, സാധന സാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും, 2 ക്ലാർക്ക് തസ്തികയും, 1 ടൈപ്പിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഒന്നാം വർഷത്തേക്കാവശ്യമുള്ള കെട്ടിടങ്ങളും, സാധന സാമഗ്രികളും ഒരുക്കുകയും എല്ലാ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ AICTE അംഗീകാരത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ . ഇതിനാവശ്യമായ തുക വരുന്ന വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ അടുത്ത വർഷാരംഭത്തിൽ തന്നെ പുതിയ പോളിടെക്നിക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുകയുള്ളൂ. പോളിടെക്നിക് കോളേജിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിൻറെ സർവേ മാപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

ഉള്ളടക്കം: സർവേ മാപ്പ്.

വിശ്വസ്തതയോടെ

ഡോ. കെ.പി ഇന്ദിരാദേവി
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Receipt No : 3260077/2019/H EDN

നമ്പർ. L1/44979/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 04.02.2019

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

ഉന്നത വിദ്യാഭ്യാസം(എൽ)വകുപ്പ്

കേരള സർക്കാർ

തിരുവനന്തപുരം.

സർ

വിഷയം:- ഉന്നത വിദ്യാഭ്യാസം- സാങ്കേതികം- കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നില നിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് ആരംഭിക്കുന്നത് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 5/11/2018 ലെ 2977921/2018/M.HEdn നമ്പർ കുറിപ്പ് കത്ത്.

2. ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ലഭിക്കുകയും ഈ ഓഫീസിന് കൈമാറുകയും ചെയ്ത 2977913/2018 M.Edn, 2977921/2018,M.Edn, 2977791/2018,M.Edn, 2977211/2018 M.Edn, 2981243/2018 M Edn, എന്നീ നമ്പറുകളിലുള്ള നിവേദനങ്ങൾ.

മേൽ സൂചനയിലേക്ക് സർക്കാരിൻറെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കാൻ കഴിയുമോ എന്നുള്ള സാദ്ധ്യതാപഠനം നടത്തുകയും താഴെ പറഞ്ഞിരിക്കുന്ന കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്തിരിക്കുകയുമാണ്.

ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൌണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇതിലേക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും, സാധന സാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ട് പ്രാരംഭ പ്രവർത്തനങ്ങൾക്കായ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും, 2 ക്ലാർക്ക് തസ്തികയും, 1 ടൈപ്പിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഒന്നാം വർഷത്തേക്കാവശ്യമുള്ള കെട്ടിടങ്ങളും, സാധന സാമഗ്രികളും ഒരുക്കുകയും എല്ലാ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ AICTE അംഗീകാരത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ . ഇതിനാവശ്യമായ തുക വരുന്ന വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ അടുത്ത വർഷാരംഭത്തിൽ തന്നെ പുതിയ പോളിടെക്നിക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുകയുള്ളൂ. പോളിടെക്നിക് കോളേജിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിൻറെ സർവേ മാപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

ഉള്ളടക്കം: സർവേ മാപ്പ്.

വിശ്വസ്തതയോടെ

ഡോ. കെ.പി ഇന്ദിരാദേവി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക വേണ്ടി

Receipt No : 4029262/2019/H EDN

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
(കോട്ടക്കൽ)
അംഗം
കേരള നിയമസഭ
പമ്പ ബ്ലോക്ക് സ്യൂട്ട്-203,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം.

ഫോൺ :
വസതി : 04933-282329
ഓഫീസ് : 0471-2512388
മൊബൈൽ : 9447282329
ഹറമൈൻ ഹൗസ്,
വടക്കാങ്ങര പി. ഒ.,
മങ്കട, മലപ്പുറം,
പിൻ-679 324.
ഇ-മെയിൽ : ahthangal@gmail.com
വെബ്സൈറ്റ് : www.fb.com/ahthangal

സ്ഥലം: തിരുവനന്തപുരം
തീയതി: 21/11/19

പ്രിൻസിപ്പൽ സെക്രട്ടറി

വിഷയം: [illegible]

സൂചന L2/291/2018. HEdn

സൂചന അനുസരിച്ചുള്ള ഫയലിൽ [illegible] സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു

L2/291/2018. HEdn

MEMBER, KERALA LEGISLATIVE ASSEMBLY ★ KOTTAKKAL ★

സസ്നേഹം,

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

Urgent
S(L2)
23/11

[illegible]
[illegible]
[illegible], സെക്രട്ടറി

"ഭരണഭാഷ-
മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

നമ്പർ.എൽ2/291/2018/ഉവിവ 17/12/2019,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി,

ഉന്നത വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ,

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം

സർ,

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 04/02/2019 തീയ്യതിയിലെ എൽ1/44979/18/ഡിടിഇ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്ന വിഷയത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നും പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും 2020 ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഈ വിഷയം ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്നും സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SREEDEVI. E.S.
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

നമ്പർ. L1/44979/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307
തീയതി: 03.03.2020

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസം(എൽ)വകുപ്പ്
കേരള സർക്കാർ, തിരുവനന്തപുരം.

സർ

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ- സംബന്ധിച്ച്

സൂചന:- 1. പ്രൊഫ.[illegible] ഹുസൈൻ എം എൽ എ [illegible] ഉന്നത വിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ച നിവേദനം.
2.04/02/2019 ലെ ഇതേ ഫയൽ നം[illegible]
3. 17/12/2019 ലെ [illegible]2/291/2019 [illegible] സർക്കാർ കത്ത്.

150 YEARS OF CELEBRATING THE MAHATMA

സൂചന (3) കത്തിലേക്ക സർക്കാരിന്റെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

കുറ്റിപ്പുറം ടെക്നിക്കൽ [illegible] നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കണമെന്നുള്ള പ്രൊഫ. [illegible] യുടെ സൂചന(1) കത്തിന്മേൽ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്ക[illegible] ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദേശം ലഭിച്ചതിനെ തുടർന്ന് സാധ്യത പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പെരിന്തൽമണ്ണ പോളിടെക്നിക് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തുകയും , അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണയിലേക്കായി സൂചന (2) കത്ത് പ്രകാരം സർക്കാരിലേക്ക് അയക്കുകയുമാണ് ഉണ്ടായത്. എന്നാൽ ഇതിനെ തുടർന്ന് സർക്കാർ ശിപാർശകളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ പുരോഗതിയൊന്നും നിലവിൽ ഉണ്ടായിട്ടില്ല. ഇക്കാരണത്താൽ തന്നെ 2020 ബഡ്ജറ്റ് പ്രപ്പോസലിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടില്ല എന്നുമുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഡോ. കെ.പി ഇന്ദിരാദേവി
ഡയറക്ടർ (ഇൻ ചാർജ്)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക
വേണ്ടി

Draft #3 of File L1/44979/18/DTE Approved by Director (in-charge) on 03-Mar-2020 01:33 PM - Page 1

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

നം.എൽ2/291/2018/ഉ.വി.വ 09/06/2020, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്-കുറ്റിപ്പുറം ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് കോളേജ് തുടങ്ങുന്നത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 03/03/2020തീയതിയിലെ L1/44979/18/DTEനമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

1, Total area of Kuttipuram THS
2, Number of children studying in the THS and sanctioned strength
3, Number of Govt, aided and self financing polytechnics in Malappuram and Kuttipuram Legislative Assembly constituency
4, Rough Cost of building, cost of equipment and cost of teaching and non teaching staff if the Polytechnic is to be set up with 3 Department

വിശ്വസ്തതയോടെ,
SREEDEVI. E.S.
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Receipt No : 3700641/2019/H EDN

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
(കോട്ടക്കൽ)
അംഗം
കേരള നിയമസഭ
പമ്പ ബ്ലോക്ക് സ്യൂട്ട്-203,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം.

ഫോൺ :
വസതി : 04933-282329
ഓഫീസ് : 0471-2512388
മൊബൈൽ : 9447282329
ഹറമൈൻ ഹൗസ്,
വടക്കാങ്ങര പി. ഒ.,
മങ്കട, മലപ്പുറം,
പിൻ-679 324.
ഇ-മെയിൽ : ahthangal@gmail.com
വെബ്സൈറ്റ് : www.fb.com/ahthangal

സ്ഥലം: തിരുവനന്തപുരം
തീയതി: 24/1/2019

(പ്രിൻസിപ്പൽ സെക്രട്ടറി)

വിഷയം: കുറ്റിപ്പുറം THSS നെ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കണമെന്ന് സംബന്ധിച്ച്

സൂചന L1/44939/2018/DTE

സൂചന നമ്പരിലുള്ള പ്രൊപ്പോസൽ താങ്കൾക്ക് അയച്ചുതന്നതായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താങ്കൾ സ്വീകരിച്ച നടപടികളും ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുവാൻ താല്പര്യപ്പെടുന്നു

MEMBER, KERALA LEGISLATIVE ASSEMBLY
KOTTAKKAL

സെക്രട്ടറി
ഉന്നതവിദ്യാഭ്യാസവകുപ്പ്

PROF ABID HUSSAIN THANGAL
(KOTTAKKAL)
MEMBER
KERALA LEGISLATIVE ASSEMBLY

**Note No. #1**

<u>*കുറിപ്പുകൾ*</u>

*വിഷയം - കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്.*

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തികൊണ്ട് ടി സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വെൽഫയർ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. സി. കെ. ജയകുമാർ ബഹു. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷ ന.ഫ. 2-)0 പുറത്തിൽ കണ്ടാലും. പ്രസ്തുത അപേക്ഷയുടെ ഒരു പകർപ്പ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്ത് ആയതിന്മേലുള്ള റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതും പ്രസ്തുത വിവരം ബഹു.എം.എൽ. എ യെ അറിയിക്കാവുന്നതുമാണ്.

ഉത്തരവിന് വിധേയമായി കരട് കത്ത് അംഗീകാരത്തിന് സമർപ്പിക്കുന്നു.

**07/12/2018 4:39 PM**

**SHEEBA .S.R**
**(SG-ASST (L2) (H.EDN))**

**Note No. #2**

**07/12/2018 4:52 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #3**

ഡെ.സെക്രട്ടറി കരട് കത്ത് അംഗീകരിച്ചാലും

**07/12/2018 5:01 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #4**

**07/12/2018 5:06 PM**

**THARUN LAL.S**
**(DS (L) (H.EDN))**

**Note No. #5**

**07/12/2018 5:16 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #6**

ഡി റ്റി ഇ യോട് വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടാമോയെന്ന് ഉത്തരവിനായി

**05/08/2019 6:02 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #7**

Intensive File Disposal Drive 2019
T
List Adalat DTE - Petition -MLA

**09/08/2019 10:49 PM**

**THARUN LAL.S**
**(DS (L) (H.EDN))**

**Note No. #8**

**10/08/2019 12:52 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #9**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപ്പ ഫയൽ അഞ്ചാം പുറത്തെ കത്ത് കണ്ടാലും. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കുവാൻ കഴിയുമോ എന്നുള്ള സാദ്ധ്യാതാപഠനം നടത്തുകയും താഴെ പറഞ്ഞിരിക്കുന്ന കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്തിരിക്കുകയുമാണ് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൗണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇതിലേയ്ക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും, സാധന സാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കായ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും, 2 ക്ലാർക്ക് തസ്തികയും, 1 ടൈപ്പിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഒന്നാം വർഷത്തേയ്ക്കാവശ്യമുള്ള കെട്ടിടങ്ങളും, സാധന സാമഗ്രികളും ഒരുക്കുകയും എല്ലാ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ AICTE അംഗീകാരത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ തുക വരുന്ന വർഷത്തെ

ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ അടുത്ത വർഷാരംഭത്തിൽ തന്നെ പുതിയ പോളിടെക്നിക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുകയുള്ളൂ. പോളിടെക്നിക് കോളേജിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർവ്വെ മാപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മുൻ ഖണ്ഡികയിൽ വിവരിച്ച സാഹചര്യത്തിൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൗണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമിയിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട തുടർ നടപടികളിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

**09/11/2019 11:16 PM**

**SHEEBA .S.R**
**(SG-ASST (L2) (H.EDN))**

**Note No. #10**

**21/11/2019 5:13 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #11**

04-02-19-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടാണിത്. അതിനുശേഷം എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോയെന്നു വ്യക്തമല്ല. മാത്രമല്ല 2020-ലെ ബഡ്ജറ്റിൽ ഈ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും അറിയേണ്ടതുണ്ട്. ഇക്കാര്യങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്.

**28/11/2019 4:00 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #12**

മുൻഖണ്ഡിക അംഗീകരിച്ചു.

**30/11/2019 12:23 PM**

**THARUN LAL.S**
**(JS (L) (H.EDN))**

**Note No. #13**

**30/11/2019 2:07 PM**

**SREEDEVI. E.S.**

**(US (L) (H.EDN))**

**Note No. #14**

**30/11/2019 2:48 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #15**

നടപ്പ ഫയൽ ആറാം പുറത്തെ പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ യുടെ കത്ത് കണ്ടാലും. നോട്ട്#12 ലെ ഉത്തരവിൻ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കത്തയച്ചതിന് ശേഷം ബഹു.എം.എൽ.എ യ്ക്ക് മറുപടി നല്കാവുന്നതാണ്.

ഉത്തരവിനു വിധേയമായി കരട് കത്ത് അംഗീകാരത്തിന് സമർപ്പിക്കുന്നു.

**09/12/2019 1:59 AM**

**SHEEBA .S.R**
**(SG-ASST (L2) (H.EDN))**

**Note No. #16**

**09/12/2019 5:10 PM**

**MANJU M**
**(SO (L) (H.EDN))**

**Note No. #17**

**17/12/2019 4:48 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #18**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കത്ത് കണ്ടാലും കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നില നിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കണമെന്നുള്ള പ്രൊഫ അബ്ദുൾ ഹുസൈൻ എം എൽ എ യുടെ കത്തിന്മേൽ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദേശം ലഭിച്ചതിനെത്തുടർന്ന് സാധ്യത പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പെരിന്തൽമണ്ണ പോളിടെക്നിക്ക് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിരുന്നതായും അദ്ദേഹം നൽകിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിരുന്നതായും തുടർന്ന്

സർക്കാർ ശുപാർശകളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ പുരോഗതിയൊന്നും ഉണ്ടായിട്ടില്ലായെന്നും ആയതിനാൽ 2020 ബഡ്ജറ്റ് പ്രോപ്പോസലിൽ ടി വിഷയം ഉൾപ്പെടുത്തിയിട്ടില്ലായെന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിക്കുന്നു.ഫയൽ ഉത്തരവിനായി സമർപ്പിക്കുന്നു

**20/03/2020 3:39 PM**

**SHIBU.V**
**(ASST (L2) (H.EDN))**

## Note No. #19

മുൻ ഖണ്ഡികകളിലെ കുറിപ്പുകൾ കണ്ടാലും. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തികൊണ്ട് ടി സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വെൽഫയർ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. സി. കെ. ജയകുമാർ ബഹു. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷ സംബന്ധിച്ചാണ് ഈ ഫയൽ.

മേൽ വിഷയം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് നടപ്പ് ഫയൽ അഞ്ചാം പുറത്ത് കണ്ടാലും. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കുവാൻ കഴിയുമോ എന്നുള്ള സാധ്യതാപഠനം നടത്തുകയും താഴെ പറഞ്ഞിരിക്കുന്ന കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്തിരിക്കുകയുമാണ് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൗണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണെന്നും ഇതിലേയ്ക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും, സാധന സാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും പ്രാരംഭ പ്രവർത്തനങ്ങൾക്കായ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും, 2 ക്ലാർക്ക് തസ്തികയും, 1 ടൈപ്പിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യേണ്ടതുണ്ടെന്നും ഒന്നാം വർഷത്തേയ്ക്കാവശ്യമുള്ള കെട്ടിടങ്ങളും, സാധന സാമഗ്രികളും ഒരുക്കുകയും എല്ലാ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ AICTE അംഗീകാരത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളുവെന്നും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ പുതിയ പോളിടെക്നിക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുകയുള്ളുവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും ശിപാർശകളൊന്നും ലഭിക്കാത്തതിനാൽ ഈ വിഷയത്തിൽ പുരോഗതിയൊന്നും നിലവിൽ ഉണ്ടായിട്ടില്ലെന്നും ഇക്കാരണത്താൽ 2020 ബഡ്ജറ്റിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തികൊണ്ട് ടി സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

**20/03/2020 5:43 PM**

**VINEESHKUMAR**
**(SO (L) (H.EDN))**

## Note No. #20

മുൻ ഖണ്ഡികയിലെ കുറിപ്പുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടെക്നിക്കൽ ഹൈസ്കൂൾ നിലനിൽക്കുന്ന കോമ്പൗണ്ടിനകത്ത് ലഭ്യമായ 4.25 ഏക്കറോളം ഭൂമി പോളിടെക്നിക് ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണെങ്കിലും ഇതിലേയ്ക്കായി കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും എല്ലാ ഉപകരണങ്ങളും, സാധന സാമഗ്രികളും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും പ്രാരംഭ പ്രവർത്തനങ്ങൾക്കായ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും, 2 ക്ലാർക്ക് തസ്തികയും, 1 ടൈപ്പിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യേണ്ടതുണ്ടെന്നും ഒന്നാം വർഷത്തേയ്ക്കാവശ്യമുള്ള കെട്ടിടങ്ങളും, സാധന സാമഗ്രികളും ഒരുക്കുകയും എല്ലാ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ AICTE അംഗീകാരത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളുവെന്നും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ

പുതിയ പോളിടെക്നിക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുകയുള്ളുവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും ശിപാർശകളൊന്നും ലഭിക്കാത്തതിനാൽ ഈ വിഷയത്തിൽ പുരോഗതിയൊന്നും നിലവിൽ ഉണ്ടായിട്ടില്ലെന്നും ഇക്കാരണത്താൽ 2020 ബഡ്ജറ്റിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2020 -ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടോയെന്നതിൻമേൽ ഉത്തരവിനായി സമർപ്പിക്കുന്നു. മാത്രമല്ല ഈ വിഷയം എം.എൽ.എ. -യെ അറിയിക്കാവുന്നതുമാണ്.

**31/03/2020 3:57 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #21**

**02/04/2020 4:42 PM**

**THARUN LAL.S**
**(JS (L) (H.EDN))**

**Note No. #22**
Find out from DTE the following:

1. Total area of Kuttipuram THS
2. Number of children studying in the THS and sanctioned strength
3. Number of Govt, aided and self financing polytechnics in Malappuram and Kuttipuram Legislative Assembly constituency
4. Rough Cost of building, cost of equipment and cost of teaching and non teaching staff if the Polytechnic is to be set up with 3 Departments

**03/04/2020 2:47 PM**

**DR. USHA TITUS**
**(PRL SECY (H.EDN))**

**Note No. #23**

**03/04/2020 4:34 PM**

**THARUN LAL.S**
**(JS (L) (H.EDN))**

**Note No. #24**

**05/04/2020 2:35 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #25**

**17/04/2020 9:54 AM**

**VINEESHKUMAR**
**(SO (L) (H.EDN))**

**Note No. #26**

കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു

**08/06/2020 5:35 PM**

**SHIBU.V**
**(ASST (L2) (H.EDN))**

**Note No. #27**

**09/06/2020 10:12 AM**

**VINEESHKUMAR**
**(SO (L) (H.EDN))**

**Note No. #28**

**09/06/2020 4:36 PM**

**SREEDEVI. E.S.**
**(US (L) (H.EDN))**

**Note No. #29**

**09/06/2020 5:03 PM**

**VINEESHKUMAR**
**(SO (L) (H.EDN))**

**Note No. #30**

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തികൊണ്ട് ടി സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വെൽഫയർ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. സി. കെ. ജയകുമാർ ബഹു. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് 09.06.2020 തീയ്യതിയിൽ L2/291/2018-HEDN <u>കത്ത്</u> പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്, ടി റിപ്പോർട്ട് നാളിതുവരെയായും ലഭ്യമാക്കിയിട്ടില്ല എന്നും അറിയിക്കുന്നു. ഫയൽ വായനക്കായി സമർപ്പിക്കുന്നു

**11/08/2020 2:30 PM**

**SHIBU.V**
**(ASST (L2) (H.EDN))**

**Note No. #31**

As desired,file is submitted to Hon'ble Minister(Higher Education)for perusal.

**11/08/2020 3:03 PM**

**THARUN LAL.S**
**(JS (L) (H.EDN))**

**Note No. #32**

**13/08/2020 3:38 PM**

**DR. K.T. JALEEL**
**(MIN (H.EDN))**
Digitally Signed

**Note No. #33**

**14/08/2020 11:01 AM**

**THARUN LAL.S**
**(JS (L) (H.EDN))**

**Note No. #34**

**14/08/2020 11:02 AM**

File No: L1/44979/18/DTE(L)

File No : L1/44979/18/DTE
Main Subject : Planning
Sub Subject :
Section : L
Subject Description : Minister
File Description :
Sender Name : Minister
Address1 :
Address2 :
Address3 :
Sender Contact :
Sender Email :

നമ്പർ. L1/44979/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 19.12.2018

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.മുഹമ്മദ് മുസ്തഫ

പ്രിൻസിപ്പൽ

സർക്കാർ പോളിടെക്നിക് കോളേജ്,പെരിന്തൽമണ്ണ.

സർ

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം- കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം- നടത്തുന്നത്-സംബന്ധിച്ച്,

സൂചന:- ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ 5/11/2018 തിയതി കുറിപ്പ് കത്ത്.

മേൽ സൂചന പ്രകാരം കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് സ്ഥാപനത്തോടനുബന്ധിച്ച് ഒരു പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള സാധ്യത സർക്കാർ ആരാഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ സ്ഥാപനത്തിലെ നിലവിലെ സ്ഥിതി വിലയിരുത്തി അവിടെ ഒരു പുതിയ പോളിടെക്നിക് കോളേജ് കൂടി ആരംഭിക്കാൻ സാധിക്കുന്നതാണോ എന്നു പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താങ്കളെ ചുമതലപ്പെടുത്തുന്നു. ഈ വിഷയത്തെ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു..

വിശ്വസ്തതയോടെ

ഡോ. കെ.പി ഇന്ദിരാദേവി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

നമ്പർ. L1/44979/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 04.02.2019

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസം(എൽ)വകുപ്പ്
കേരള സർക്കാർ
തിരുവനന്തപുരം.

സർ

വിഷയം:- ഉന്നത വിദ്യാഭ്യാസം- സാങ്കേതികം- കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നില നിർത്തിക്കൊണ്ട് പുതിയ പോളിടെക്നിക് ആരംഭിക്കുന്നത്- റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 5/11/2018 ലെ 2977921/2018/M.HEdn നംബർ കുറിപ്പ് കത്ത്.
2. ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ലഭിക്കുകയും ഈ ഓഫീസിന് കൈമാറുകയും ചെയ്ത 2977913/2018 M.Edn, 2977921/2018,M.Edn, 2977791/2018,M.Edn, 2977211/2018 M.Edn, 2981243/2018 M.Edn, എന്നീ നമ്പറുകളിലുള്ള നിവേദനങ്ങൾ.

മേൽ സൂചനയിലേക്ക് സർക്കാരിൻറെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

